# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5029 — 23.03.2018-ൽ മറുപടിയ്ക്ക്.

## ക്ഷീരോത്പാദനരംഗത്ത് സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. വിൻസെന്റ്**<br>**ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) അഞ്ചു ലക്ഷം മെട്രിക് ടൺ പാലിന്റെ അധിക ഉല്പാദനത്തിലൂടെ ക്ഷീരോല്പാദന രംഗത്ത് കേരളത്തിന് സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയും എന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (എ) കേരളത്തിൽ പ്രതിവർഷം ഏകദേശം 9 ലക്ഷം മെട്രിക് ടൺ പാലിന്റെ കുറവുള്ളതായി കണക്കാക്കുന്നു. പ്രതിദിനം ഏകദേശം 2.5 ലക്ഷം ലിറ്റർ പാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്. 2015-16 വർഷം മിൽമ 4.7 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 1.5 ലക്ഷം ലിറ്റർ പാൽ മാത്രമാണ് ഇറക്കുമതി ചെയ്യുന്നത്. |
| (ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് ആവിഷ്കരിച്ച കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം, പാൽ കറക്കുന്നതിനും സംസ്കരണത്തിനും യന്ത്രവൽക്കരണം, മൃഗാരോഗ്യസംരക്ഷണം ശക്തിപ്പെടുത്തൽ എന്നീ മേഖലകളിൽ ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്; | (ബി) കേരളത്തിൽ ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>**1. തീറ്റപ്പുൽകൃഷി വികസന പദ്ധതി**<br>കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 5000 ഹെക്ടർ സ്ഥലത്ത് കൂടുതലായി തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br>**2. ക്യാറ്റിൽ ഫീഡിംഗ് സബ്സിഡി**<br>2016-17 വർഷം 1250 ലക്ഷം രൂപയും 2017-18 – ൽ 1300 ലക്ഷം രൂപയും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞു.<br>**3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ഡെയറി സോൺ, ക്ഷീരഗ്രാമം**<br>പുതുതായി കറവ പശുക്കളെ വാങ്ങുന്നതിനും കിടാരി സംരക്ഷണത്തിനും കറവയന്ത്രം, |

കാലിത്തൊഴുത്ത് നിർമ്മാണം, മറ്റ് ആധുനീകവത്കരണ പദ്ധതികൾ ഉൾപ്പെടെ ആകെ 2016-17 വർഷം 3892 ലക്ഷം രൂപയും 2017-18 വർഷം 4179 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

**4. ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനീകവത്കരണം.**

പാൽ സംസ്കരണരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2016-17 വർഷം 1990 ലക്ഷം രൂപയും 2017-18–ൽ 1817 ലക്ഷം രൂപയുടെയും വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ മിൽമയ്ക്ക് 700 ലക്ഷം രൂപയുടെ സഹായവും നൽകിയിട്ടുണ്ട്.

**5. ഗുണനിയന്ത്രണ വിഭാഗം ശക്തിപ്പെടുത്തൽ**

പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആകെ 2016-17-ൽ 450 ലക്ഷം രൂപ വികസന പ്രവർത്തനത്തിനായി ചെലവഴിക്കുകയും 2017-18–ൽ 466 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു.

(സി) ഇതിലൂടെ പാലുൽപാദനത്തിൽ എന്ത് നേട്ടമാണ് കൈവരിച്ചത് ;

(സി) ക്ഷീരോല്പാദന മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായി പാലുല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ വഴി 2017 ഏപ്രിൽ മാസം 16.28 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംഭരിച്ച സ്ഥാനത്ത് 2017 ഒക്ടോബർ മാസം 18.15 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ഡി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആധുനിക ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ടോ ; വിശദാംശം നൽകമോ ;

(ഡി) സ്ഥാപിച്ചിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ ഡയറക്ടറേറ്റിനോടനുബന്ധിച്ച് NABL അക്രഡിറ്റേഷനോടുകൂടിയ ആധുനിക സ്റ്റേറ്റ് ഡെയറി ലാബ് പ്രവർത്തിക്കുന്നു. ഇവിടെ പാലിൽ ചേർത്തിട്ടുള്ള രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജലം, കാലിത്തീറ്റ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ നിലവിലുണ്ട്.

| | | |
|---|---|---|
| (ഇ) | ഗുണഭോക്താക്കൾക്ക് നേരിട്ട് പണം നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഇ) ക്ഷീരകർഷകർ പ്രാഥമിക ക്ഷീരസഹകരണ സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 1/-രൂപ പ്രകാരം ക്യാറ്റിൽ ഫീഡിംഗ് സബ്സിഡിയായി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് എത്തിക്കുന്നതിനുള്ള ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. 2016-17 വർഷം 1250 ലക്ഷം രൂപയും 2017-18 -ൽ 1300 ലക്ഷം രൂപയും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**